(എഫ്) സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

ഹരിപ്പാടിന്റെ ടൂറിസം വികസനത്തിന് പദ്ധതി

132(1620) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ക്ഷേത്രനഗരം എന്നറിയപ്പെടുന്ന ഹരിപ്പാടിന്റെ ടൂറിസം വികസനത്തിന് ആധാരമായ പദ്ധതികളെക്കുറിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് ഹരിപ്പാട് എം.എൽ.എ. സർക്കാരിന് നൽകുക ഉണ്ടായോ:

(ബി) എന്തെല്ലാം നിർദ്ദേശങ്ങളും വികസന പദ്ധതികളുമാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) "പിൽഗ്രിം" ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസ്റ്റുകളെ ഹരിപ്പാട്ടേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആണ് പ്രസ്തുത റിപ്പോർട്ടിലുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) സമയബന്ധിതമായി പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) പ്രോജക്ട് റിപ്പോർട്ട് 22.2.2000-ൽ സർക്കാരിന് കിട്ടിയിട്ടുണ്ട്. റിപ്പോർട്ടിനെ സംബന്ധിച്ച് ടൂറിസം ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിരിക്കയാണ്.

യോഗവും പത്രസമ്മേളനവും നടത്തുവാൻ കെ.ടി.ഡി.സി. ഹോട്ടലുകളിൽ സൗജന്യ നിരക്ക്

133(1621) ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്വരലയ' എന്ന സംഘടനയ്ക്ക് യോഗവും പത്രസമ്മേളനവും നടത്തുവാൻ കെ.ടി.ഡി.സി. ഹോട്ടലുകളിൽ സൗജന്യനിരക്കോ ഇളവോ അനുവദിക്കാറുണ്ടോ;

(ബി) എങ്കിൽ മറ്റു സംഘടനകൾക്കും ഇത് ബാധകമാകുമോ;

(സി) കെ.ടി.ഡി.സി.യുടെ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ സ്വരലയയ്ക്ക് സൗജന്യ നിരക്കോ ഇളവോ അനുവദിക്കാറുണ്ടോ;

(ഡി) എങ്കിൽ മറ്റു സംഘടനകൾക്ക് ഇത് ബാധകമാക്കുമോ;

(ഇ) 1999 വർഷത്തിൽ എത്രതവണ ഇങ്ങനെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly